പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2298 — 09.12.2014 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോറെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | കൊച്ചി മെട്രോറെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് 93% പൂർത്തിയാവുകയും 40.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ ജോലി 35% പൂർത്തിയായിട്ടുമുണ്ട്. സിസ്റ്റം ടെണ്ടർ നടപടികൾ ഈ മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | | |
| (സി) | പദ്ധതി നിർവ്വഹണത്തിനുള്ള സാമ്പത്തിക സഹായങ്ങൾ എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | (സി) | പദ്ധതിക്കായുള്ള കേരള സർക്കാരിന്റെ സാമ്പത്തിക വിഹിതം 1911.56 കോടി രൂപയാണ്. ഇതിൽ 753.73 കോടി ഓഹരി മൂലധന വിഹിതവും ഭൂമി വിലയായി 672 കോടിയും, കേന്ദ്ര നികുതി വിഹിതത്തിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായി സംസ്ഥാനം വഹിക്കേണ്ട 248.5 കോടിയും, സംസ്ഥാന നികുതി വിഹിതമായ 237.33 കോടിയും ഉൾപ്പെടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കേരള സർക്കാർ നൽകിയ 550.75 കോടി രൂപയും പദ്ധതിക്കായി ചെലവഴിച്ചു കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ കേരള സർക്കാരിൽ നിന്നും ലഭ്യമായ 151 കോടി രൂപയിൽ 100 കോടി രൂപ പദ്ധതി ചെലവുകൾക്കും 51 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും വിനിയോഗിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ 1501 കോടി രൂപയാണ് പദ്ധതി ചെലവിലേക്ക് ആവശ്യമുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്.<br>ഫ്രഞ്ച് വികസന ഏജൻസിയായ എ.എഫ്.ഡി.യിൽ (Agence Francise De Development) നിന്നും തദ്ദേശീയ സ്ഥാപനമായ കാനറാ ബാങ്കിൽ നിന്നും പദ്ധതിക്കാവശ്യമായ വായ്പ ലഭ്യമാക്കുവാനുള്ള സാമ്പത്തിക ഉടമ്പടികൾ പൂർത്തിയായി. ഫ്രഞ്ച് ഏജൻസിയിൽ നിന്നുമുള്ള വായ്പയിൽ 161.7 കോടി രൂപ ഒക്ടോബർ മാസം വായ്പയെടുത്തിട്ടുണ്ട്. നാളിതുവരെ പദ്ധതി ചെലവിനാവശ്യമായ തുകയിൽ 22.4% വും വിനിയോഗിക്കപ്പെട്ടു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 മുഖേന എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; നടത്തി യിട്ടുണ്ടോ ? | (ഡി) | മിഷൻ 676 ന്റെ ഭാഗമായ നവരത്ന പ്രോജക്ടുകളിൽ ഒന്നാമത്തേത് കൊച്ചി മെട്രോറെയിൽ പദ്ധതിയാണ്. പദ്ധതിക്കാവശ്യമായ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സിവിൽ ജോലികളും ഉദ്ദേശിച്ച പ്രകാരം പുരോഗമിക്കുന്നു. സിസ്റ്റം ടെണ്ടർ നടപടികൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തീകരിച്ചുകൊണ്ട് കാലവിളംബം കൂടാതെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇടയ്ക്കിടെ അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ